# മോഷണസംഘം അറസ്റ്റിൽ




**മൂവാറ്റുപുഴ** – കേരളത്തിലുടനീളം പ്രത്യേകിച്ചും എറണാകുളം ജില്ലയിലെ വിവിധ സ്ഥലങ്ങളിലായി ഒട്ടനവധി റബ്ബർ ഷീറ്റ്, ജാതിക്കാ, ജാതിപത്രി, അടക്ക, വാഹനങ്ങൾ, മുതലായവ മോഷണങ്ങൾ നടത്തിയും പാർക്ക് ചെയ്തിരിക്കുന്ന വാഹനങ്ങളിലെ ഡീസൽ ഊറ്റിയെടുക്കുന്നതും അടക്കമുള്ള കുറ്റകൃത്യങ്ങൾ സ്ഥിരമായി ചെയ്തുവരുന്ന 5 അംഗസംഘത്തെ ഇന്ന് മുടവൂർ ഭാഗത്തുനിന്നും മൂവാറ്റുപുഴ പോലീസ് പിടികൂടി.

തൊടുപുഴ വില്ലേജ് ഒളമറ്റം കരയിൽ, ആനിക്കാട്ടിൽ വീട്ടിൽ കൊതുക് രതീഷ് എന്നുവിളിക്കുന്ന 36 വയസ്സുള്ള രതീഷ് 2. കല്ലൂർക്കാട് വില്ലേജ്, ടി കരയിൽ, കിളിവള്ളിക്കൽ വീട്ടിൽ 23 വയസ്സുള ആഷിൻ ഷാജി. 3. മഞ്ഞള്ളൂർ വില്ലേജ്, മടക്കത്താനം കരയിൽ, വടക്കേക്കര വീട്ടിൽ 29 വയസ്സുള്ള ലിബിൻ 4. വെള്ളയാമറ്റം വില്ലേജ്, ഇളംദേശം കരയിൽ, കാഞ്ഞിരത്തിങ്കൽ വീട്ടിൽ നിന്നും ഇപ്പോൾ പാല പൂവരണി വില്ലേജ്, കാഞ്ഞിരത്തിങ്കൽ വീട്ടിൽ താമസം 30 വയസ്സുള്ള ജിജോ, 5. ഐരാപുരം വില്ലേജ് മഴുവന്നൂർ വില്ലേജ്, വാരിക്കാട്ട് വീട്ടിൽ പങ്കൻ ഷിജു എന്നുവിളിക്കുന്ന 36 വയസ്സുള്ള ഷിജു എന്നിവരെയാണ് മൂവാറ്റുപുഴ പോലീസ് പിടികൂടിയത്.

പ്രതികൾ ആഡംബര കാറുകളും മറ്റും വാടകക്കെടുത്ത് ടി വാഹനങ്ങളിൽ രാത്രികാലങ്ങളിൽ സഞ്ചരിച്ച് മുൻകൂട്ടി കണ്ടുവച്ചിട്ടുള്ള വീടുകളിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും മേൽപ്പറഞ്ഞ സാധനങ്ങൾ കടത്തിക്കൊണ്ടുപോയി വിൽപ്പന നടത്തുകയാണ് ഇവരുടെ രീതി.

**മൂവാറ്റുപുഴ** പോലീസ് സ്റ്റേഷൻ അതിർത്തിയിലെ കുന്നയ്ക്കാൽ പാലനാട്ടിക്കവല ഭാഗത്ത് റബ്ബർ കട കുത്തിത്തുറന്ന് 400 കിലോ റബ്ബർ ഷീറ്റും, കുന്നയ്ക്കാൽ ഭാഗത്തുള്ള ജോർജ്ജിൻെറ വീട്ടിൽ നിന്നും 40 കിലോയോളം ജാതിക്കുരു, കുന്നയ്ക്കാൽ ബഥനിപ്പടി ഭാഗത്തുള്ള സാലിജോസിൻെറ വീട്ടിൽ നിന്നും ജാതിപത്രിയും, ജാതിക്കുരുവും മോഷണം ചെയ്തു കൊണ്ടുപോയിട്ടുണ്ട്.

**കുന്നത്തുനാട്** പോലീസ് സ്റ്റേഷനതിർത്തികളിൽപ്പെട്ട പള്ളിക്കര ഭാഗത്തുള്ള റബ്ബർ കടയിൽ നിന്നും 700 ഗ്രാം റബ്ബർ ഷീറ്റും 300 കിലോ ജാതിക്കുരു, 20 കിലോ ജാതി പത്രി, 100 കിലോ കൊട്ടടക്കയും, 15,000/- രൂപയും, പട്ടിമറ്റം ഞാറള്ളൂർ ഭാഗത്തുള്ള ഇട്ടൂപ്പിൻെറ വക

റബ്ബർ പുകപ്പുരയുടെ പൂട്ടുപൊളിച്ച് 200 കിലോയോളം റബ്ബർ ഷീറ്റും, ഐരാപുരം കുന്നിക്കുരുടി ഭാഗത്തുള്ള ബഥനി സ്നേഹാലയത്തിൽ നിന്നും ( മാനസികാസ്വാസ്ഥ്യമുള്ള രോഗികളെ താമസിപ്പിച്ച് ചികിത്സിക്കുന്ന സ്ഥാപനം ) 200 റബ്ബർ ഷീറ്റുകളും.

**പുത്തൻകുരിശ്** പോലീസ് സ്റ്റേഷനതിർത്തിയിൽയിലുള്ള കോലഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രിയുടെ പാർക്കിങ്ങ് ഗ്രൗണ്ടിൽ നിന്നും ഗുഡ്സ് ഓട്ടോറിക്ഷ മോഷണം ചെയ്തു കൊണ്ടുപോയ കേസ്സിലും പ്രതികളാണ്

മൂവാറ്റുപുഴ പോലീസ് സ്റ്റേഷനിതിർത്തിയിൽ നടന്ന മോഷണങ്ങളെക്കുറിച്ച് സൈബർ സെല്ലിൻെറ സഹായത്തോടെ മൂവാറ്റുപുഴ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ. കെ.ബിജുമോൻെറ നിർദ്ദേശാനുസരണം, മൂവാറ്റുപുഴ പോലീസ് ഇൻസ്പെക്ടർ ശ്രീ. സി.ജയകുമാറിൻെറ നേതൃത്വത്തിൽ, സബ്ബ് ഇൻസ്പെക്ടർ ജി.പി.മനുരാജ്, ജൂനിയർ എസ്.ഐ മനോജ് കുമാർ.റ്റി.ഡി, എ.എസ്.ഐ രാജേഷ്.കെ.കെ, അനിൽ.കെ, എൽദോസ്.എം.സി, പോലീസുദ്യോഗസ്ഥരായ ദിനേശ് കുമാർ, ബിജു.കെ.ജി, സുരേഷ്.വി, വേണുഗോപാൽ, റെജി എ.എം, ആഗസ്റ്റ്യൻ ജോസഫ്, മുഹമ്മദ് ഹാരിസ്, ഷിഹാബ്, റെജി തങ്കപ്പൻ എന്നിവരടങ്ങിയ സംഘമാണ് പ്രതികളെ പിടികൂടിയത്.

ഇതിൽ പ്രതിയായ ജിജോക്ക് തൊടുപുഴ, കരിങ്കുന്നം, കാഞ്ഞാർ, വാഴക്കുളം, മൂവാറ്റുപുഴ, കരിമണ്ണൂർ, ഊന്നുകൽ, കാലടി, അങ്കമാലി, തിടനാട്, കൊരട്ടി, പാല മുതലായ പോലീസ് സ്റ്റേഷനുകളിൽ വാഹന നിരവധി മോഷണക്കേസുകളും, കഞ്ചാവ് കേസ്സുകളും, റബ്ബർ ഷീറ്റ് മോഷണ കേസ്സുകളും ഉൾപ്പടെ 20 മുൻ കേസ്സുകളും ഉണ്ട്.

ലിബിൻ ബെന്നിക്ക് തൊടുപുഴ, വാഴക്കുളം, രാമപുരം തുടങ്ങിയ സ്റ്റേഷനുകളിൽ റബ്ബർ ഷീറ്റ് മോഷണക്കേസ്സുകളും, അടിപിടിക്കേസുകളും ഉണ്ട്.

ആഷിൻ ഷാജിക്ക് രാമപുരം, കാഞ്ഞാർ, തൊടപുഴ, കൂത്താട്ടുകുളം തുടങ്ങിയ സ്റ്റേഷനുകളിൽ 11 ഓളം മോഷണം, കഞ്ചാവ് കേസ്സുളുണ്ട്.

പങ്കൻ ഷിജുവിന് മൂവാറ്റുപുഴ , കല്ലൂർക്കാട്, കോതമംഗലം, ചങ്ങനാശ്ശേരി, ഈരാറ്റുപേട്ട, പുത്തൻകുരിശ് എന്നീ സ്റ്റേഷനുകളിൽ റബ്ബർ ഷീറ്റ് മോഷണക്കേസുകളും, കഞ്ചാവ് കേസ്സുകളും, അടിപിടിക്കേസുകളും നിലവിലുണ്ട്.

കൊതുക് രതീഷിന് തൊടുപുഴ, വാഴക്കുളം, കല്ലൂർക്കാട്, പോത്താനിക്കാട് എന്നീ സ്റ്റേഷനുകളിൽ 5 റബ്ബർ ഷീറ്റ് മോഷണക്കേസുകളും, ചെക്ക കേസ്സുകളും നിലവിലുണ്ട്.

നിയമവിരുദ്ധമായും കൃത്യമായ ലൈസൻസില്ലാതേയും പ്രവർത്തിക്കുന്ന സ്ഥാപനങ്ങളും വ്യക്തികളും വാഹനങ്ങൾ വാടകക്ക് കൊടുക്കുന്നതുമൂലം, ടി വാഹനങ്ങളുപയോഗിച്ച് മോഷണങ്ങളും, ടി വാഹനങ്ങൾ തന്നെ പൊളിച്ചു വിൽക്കപ്പെടുന്നതായും പണയം വയ്ക്കുന്നതായുള്ള സംഭവങ്ങൾ പോലീസിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണെന്നും, ഇക്കാര്യത്തെ

സംബന്ധിച്ച് കൂടുതൽ അന്വേഷണം നടത്തി മതിയായ ലൈസൻസില്ലാതെ വാഹനങ്ങൾ വാടകക്ക് കൊടുക്കുന്നവരെ ഇത്തരം കേസ്സുകളിൽ കൂട്ടുപ്രതിയായി ഉൾപ്പെടുത്തി നിയമ നടപടി സ്വീകരിക്കുമെന്നും മൂവാറ്റുപുഴ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ. കെ.ബിജുമോൻ അറിയിച്ചു.